ഉണരുക സഭയെ എഴുന്നേൽക്ക

നാഥന്റെ വേല തികച്ചിടുക

നാഥന്റെ വരവി ൻ  കാലൊച്ചക ൾ

കേൾക്കുന്നില്ലേ നാം ഉണർന്നിടുക. (2) ഉണരുക....

കണ്ണുനീരോടെ വിതച്ചിടുക

വിശ്രമംകുടാതെ വേലചെയ്ക

വീഥിയിൻ നടുവി ൽ  വീണുപോയവർക്കായ്

രാത്രിയാമങ്ങളി ൽ  നിലവിളിക്ക. (2) ഉണരുക....

കഷ്ട നഷ്ടങ്ങൾ സഹിച്ചിടുക

കാടും മലയും കയറീടുക

സാത്താന്യ കോട്ടക ൾ  ഇടിച്ചുമുന്നേറി

ബന്ദിതരെ വിടുവിച്ചിടുക. (2) ഉണരുക....

വിലകൊടുത്തിടാൻ തയ്യാറുണ്ടോ

ജീവനെപ്പോലും പകച്ചിടുമോ

നൂറുനൂറാത്മാക്ക ൾ മുന്നോട്ടു വന്നിടും

യേശുവിൻ നാമം വഹിച്ചിടുവാ ൻ  (2) ഉണരുക....